ഉത്തരം

(എ) നടപ്പിലാക്കിയിട്ടില്ല. എസ്.എൽ.ആർ. ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കുന്നതിനുള്ള നടപടി കൈകൊണ്ടുവരികയാണ്.

(ബി) 10 ജീവനക്കാർ. ഇവർക്ക് ഇപ്പോൾ നൽകിവരുന്ന ആനുകൂല്യങ്ങൾ ചുവടെ കൊടുക്കുന്നു.

"750-12-810-15-900-20-1000-25-1050" എന്ന ശമ്പള സ്കെയിൽ കൂടാതെ 10, 20, 25 വർഷങ്ങളിൽ ഗ്രേഡ്, വേരിയബിൾ നിരക്കിലുള്ള ക്ഷാമബത്ത, 50 രൂപാ നിരക്കിൽ വീട്ടുവാടക അലവൻസ്, പ്രതിവർഷം 15 ദിവസത്തെ സറണ്ടർ ലീവ് ആനുകൂല്യവും നൽകിവരുന്നു. എസ്.എൽ.ആർ. ജീവനക്കാരെ സ്ഥിരംതൊഴിലാളികളായി അംഗീകരിച്ച് പെൻഷനും പ്രോവിഡന്റ് ഫണ്ടും നൽകുന്നതിന് ഉത്തരവായിട്ടുണ്ട്.

എലത്തൂരിലെ മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം

132 [1850] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004-ലെ കടൽക്ഷോഭത്തിന്റെ ഫലമായി കോഴിക്കോട് ജില്ലയിലെ എലത്തൂർ പഞ്ചായത്തിൽ താമസിച്ചുവരുന്ന എത്ര മത്സ്യത്തൊഴിലാളികളുടെ തോണിയും മത്സ്യബന്ധന ഉപകരണങ്ങളും നഷ്ടപ്പെട്ടുവെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിന്റെ ഫലമായി ആകെ എത്ര തുകയുടെ നഷ്ടം സംഭവിച്ചു എന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) ഇവർക്ക് നഷ്ടപരിഹാരമായി എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത് സഹായമാണ് നൽകിയത് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 156 മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്.

(ബി) 49.34 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചുവെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) നഷ്ടപരിഹാരം നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly